സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 274 2025 ഫെബ്രുവരി 27 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കൊച്ചി റോഡിലാകെ മുളക് പൊടി; വലഞ്ഞ് യാത്രക്കാർ

കൊച്ചി: കളമശ്ശേരി റോഡിലാകെ മുളക് പൊടി. മുളക് പൊടി അന്തരീക്ഷത്തിൽ പടർന്നതോടെ യാത്രക്കാർ ദുരിതത്തിലായി. ഫയർ ഫോഴ്സ് എത്തിയാണ് റോഡ് വൃത്തിയാക്കിയത്. ഇതുവഴിപോയ ഗൂഡ്സ് വാഹനത്തിൽ നിന്ന് മുളകുപൊടിയുടെ കവറുകൾ റോഡിൽ വീണ് പൊട്ടുകയും കാറ്റിൽ പ്രദേശത്താകെ വ്യാപിക്കുകയുമായിരുന്നു എന്നാണ് കരുതുന്നത്. തിരക്കേറിയ സമയത്തായിരുന്നു സംഭവം. ഇരുചക്രവാഹന യാത്രക്കാരാണ് ഏറെ വലഞ്ഞത്. കണ്ണിൽ മുളകുപൊടി വീണ് അസഹനീയമായ എരിച്ചിലായിരുന്നു. മുഖവും കണ്ണും കഴുകിയിട്ടും എരിച്ചിൽ മാറിയില്ല. അപകടം പറ്റാതെ തലനാരിഴയ്ക്കാണ് പലരും രക്ഷപ്പെട്ടത്. ബസ്, കാർ യാത്രക്കാരെയും മുളകുപൊടി വലച്ചു.

'അത് എളുപ്പമായിരുന്നില്ല, ഞാൻ ക്ഷമ ചോദിക്കുന്നു'; കുംഭമേള സമാപിച്ചപ്പോൾ ഭക്തരോട് പ്രധാനമന്ത്രി മോദി

ന്യൂഡൽഹി: ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ നടന്ന മഹാകുംഭമേള അവസാനിച്ചതിന് പിന്നാലെ ഭക്തർക്കുള്ള സന്ദേശവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐക്യത്തിന്റെ മഹായാഗം പൂർത്തിയായതായി പ്രധാനമന്ത്രി വിശേഷിപ്പിച്ചു. തീർഥാടന വേളയിൽ ഭക്തർക്ക് എന്തെങ്കിലും അസൗകര്യമുണ്ടായിട്ടുണ്ടെങ്കിൽ താൻ ക്ഷമ ചോദിക്കുന്നതായും അദ്ദേഹം പറഞ്ഞു.

കുംഭമേളയിൽ താൻ പങ്കെടുത്തതിന്റെ അടക്കം ചിത്രം പങ്കുവെച്ചുകൊണ്ട് എക്സിലൂടെയാണ് പ്രധാനമന്ത്രി ക്ഷമാപണം നടത്തിയിരിക്കുന്നത്.

പ്രയാഗ്‌രാജിലെ ഐക്യത്തിന്റെ മഹാകുംഭത്തിൽ 140 കോടി രാജ്യക്കാരുടെ വിശ്വാസം 45 ദിവസം ഒത്തുചേർന്ന രീതി അതിശയകരമാണ്. മഹാകുംഭം കഴിഞ്ഞപ്പോൾ മനസ്സിൽ വന്ന ചിന്തകൾ എഴുതാൻ ശ്രമിച്ചെന്ന് വ്യക്തമാക്കിയ മോദി ഇതുമായി ബന്ധപ്പെട്ട തന്റെ ബ്ലോഗ് പങ്കിടുകയും ചെയ്തു.

ഇത്തരമൊരു മഹത്തായ പരിപാടി സംഘടിപ്പിക്കുന്നത് അത്ര എളുപ്പമല്ലെന്ന് സമ്മതിച്ച മോദി ഭക്തരെ സേവിക്കുന്നതിൽ എന്തെങ്കിലും വീഴ്ചയിട്ടുണ്ടെങ്കിൽ ജനങ്ങളോട് ക്ഷമ ചോദിക്കുന്നുതായും അറിയിച്ചു.

'ഇത്രയും മഹത്തായ പരിപാടി സംഘടിപ്പിക്കുന്നത് എളുപ്പമായിരുന്നില്ല എന്ന് എനിക്കറിയാം. ഗംഗാ മാതാവിനോടും യമുന മാതാവിനോടും സരസ്വതി മാതാവിനോടും ഞാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ മൂർത്തീഭാവമായി ഞാൻ കരുതുന്ന ഭക്തരെ സേവിക്കുന്നതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ, ഞാൻ ജനങ്ങളിൽ നിന്ന് ക്ഷമ ചോദിക്കുന്നു' പ്രധാനമന്ത്രി മോദി ബ്ലോഗിൽ കുറിച്ചു.

അഫാനെ അറസ്റ്റ് ചെയ്ത് പൊലീസ്

തിരു: വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിൽ പ്രതി അഫാന്റെ അറസ്റ്റ് രേഖപ്പെടുത്തി. പിതൃമാതാവ് സൽമാ ബീവിയെ കൊലപ്പെടുത്തിയ കേസിലാണ് അറസ്റ്റ്. പാങ്ങോട് പൊലീസ് മെഡിക്കൽ കോളേജിലെത്തിയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. ശേഷം പ്രതിയെ ഇന്നുതന്നെ നെടുമങ്ങാട് കോടതിയിൽ ഹാജരാക്കുമെന്നാണ് വിവരം.

കടം നൽകിയവർ അഫാന്റെ വീട്ടിലെത്തി പ്രശ്നമുണ്ടാക്കിയിരുന്നോ എന്ന് അന്വേഷിക്കാനും പ്രതിയുടെ മൊഴി രേഖപ്പെടുത്താനും അന്വേഷണ സംഘം നീക്കമാരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ അഭിപ്രായം കൂടി തേടിയ ശേഷമായിരിക്കും അഫാന്റെ മൊഴി രേഖപ്പെടുത്തുക.

ചികിത്സയിലായിരുന്ന ബൈക്ക് യാത്രക്കാരൻ മരിച്ചു

പുതുക്കാട്: വരാക്കരയിൽ ഓട്ടോയും ബൈക്കും കൂട്ടിയിടിച്ച് പരിക്കേറ്റ ബൈക്ക് യാത്രക്കാരൻ മരിച്ചു. പൊയ്യാത്ത് സ്വദേശി മുല്ലപ്പാറിൽ വീട്ടിൽ ജോണി മകൻ നിക്സൺ (41) ആണ് മരിച്ചത്.

കോൺഗ്രസിൽ ശക്തനാകുമോ തരൂർ?

പുതിയ പദവി നൽകാൻ നീക്കം, രാഹുൽ കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനം

ന്യൂഡൽഹി: കോൺഗ്രസ് നേതൃത്വവുമായി കഴിഞ്ഞ കുറച്ചു കാലങ്ങളായി അകൽച്ചയിൽ കഴിയുന്ന ശശി തരൂർ എംപിക്ക് പാർട്ടി നിർണായക പദവി നൽകുന്നതായി സൂചന. ശശി തരൂരിനെപോലുള്ള ഒരു നേതാവിനെ പാർട്ടിക്കൊപ്പം ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടിയാണ് കോൺഗ്രസിന്റെ പുതിയ നീക്കം. ലോക്സഭ പ്രതിപക്ഷ ഉപനേതാവ് സ്ഥാനത്തേക്ക് ശശി തരൂരിനെ പരിഗണിച്ചേക്കും. നിലവിൽ അസമിൽ നിന്നുള്ള എംപി ഗൗരവ് ഗൊഗൊയ് ആണ് പ്രതിപക്ഷ ഉപനേതാവ്. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കഴിഞ്ഞാൽ തൊട്ടടുത്ത പദവിയാണിത്. ഇവിടെ ശശി തരൂരിനെ ഇരുത്താനാണ് ഇപ്പോഴത്തെ നീക്കം.

ഗൗരവ് ഗൊഗൊയിയെ അസം പിസിസി സ്ഥാനത്തേക്ക് പരിഗണിക്കുന്നത് കണക്കിലെടുത്താണ് ഈ മാറ്റം. കേരളത്തോടൊപ്പം നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനം കൂടിയാണ് അസം. ഗൗരവിന് പിസിസി അദ്ധ്യക്ഷ സ്ഥാനത്തേക്ക് എത്തിച്ച് സംസ്ഥാനത്ത് പാർട്ടിയെ ശക്തിപ്പെടുത്താൻ കോൺഗ്രസ് ഹൈക്കമാൻഡിന് പദ്ധതിയുണ്ട്. ഗൗരവ് ഗൊഗൊയ് സംസ്ഥാന രാഷ്ട്രീയത്തിൽ സജീവമായി ഹിമന്ത ബിശ്വ ശർമ്മയ്ക്കെതിരെ രംഗത്തെത്തണമെന്ന നിലപാടാണ് അസം കോൺഗ്രസ് നേതൃത്വത്തിനുള്ളത്. ഇതുമായി ബന്ധപ്പെട്ട് അസം നേതൃത്വം ഹൈക്കമാൻഡിന് കത്തയക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ന് അസം കോൺഗ്രസ് നേതൃത്വത്തിന്റെ യോഗം ഡൽഹിയിൽ നടക്കുന്നുണ്ട്. ഈ യോഗത്തിന് ശേഷം അസം പിസിസി അദ്ധ്യക്ഷനായി ഗൗരവ് ഗൊഗൊയിയെ പ്രഖ്യാപിക്കാൻ സാദ്ധ്യതയുണ്ട്. ഇങ്ങനെ ഒരു സാഹചര്യമുണ്ടായാൽ ലോക്സഭ പ്രതിപക്ഷ ഉപനേതാവ് പദവി ഒഴിയേണ്ടതായി വരും. നിലവിൽ രാഹുൽ ഗാന്ധി അടക്കമുള്ളവരുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ തന്നെ പ്രധാന പദവിയിലേക്ക് പരിഗണിക്കപ്പെടണമെന്ന ആവശ്യം തരൂർ മുന്നോട്ടുവച്ചിരുന്നു. എന്നാൽ സംഘടന പരിചയം ശശി തരൂരിന് കുറവായത് കൊണ്ട് അത്തരം ചുമതലകൾ നൽകാൻ കോൺഗ്രസ് തയ്യാറായേക്കില്ല. എന്നാൽ ലോക്സഭ ഉപനേതാവ് പദവിയിലേക്ക് പരിഗണിച്ചാൽ തരൂരിന്റെ പിണക്കം ഒരുവിധത്തിൽ മാറുമെന്നാണ് നേതൃത്വം കരുതുന്നത്.

'സിനിമകളിൽ വയലൻസ് നിയന്ത്രിക്കണം'; മാർക്കോയെ വിമർശിച്ച് രമേശ് ചെന്നിത്തല

തിരു: സിനിമകളിലെ അക്രമരംഗങ്ങൾ കേരളത്തിലെ യുവാക്കളെ സ്വാധീനിക്കുന്നുവെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. സംസ്ഥാനത്ത് അടുത്തിടെ നടന്ന കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് മാദ്ധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ വർഷം തീയേറ്ററുകളിലെത്തിയ മാർക്കോ പോലുള്ള സിനിമകളുടെ പേരെടുത്ത് പറഞ്ഞാണ് രമേശ് ചെന്നിത്തല വിമർശിച്ചത്.

'ഈ വിഷയത്തിൽ സർക്കാർ ഇടപെടൽ ആവശ്യമാണ്.സിനിമകളിൽ വയലൻസ് നിയന്ത്രിക്കണം. വ്യാപകമായ അക്രമങ്ങൾ നടക്കുകയാണ്. ആർഡിഎക്സ്, കൊത്ത്, മാർക്കോ പോലുള്ള സിനിമകൾ ചെറുപ്പക്കാരെ സ്വാധീനിക്കുകയാണ്. ഇതൊക്കെ തടയേണ്ടത് സർക്കാരിന്റെ ചുമതലയാണ്. സർക്കാർ ഇവിടെ നിഷ്ക്രിയമായിരിക്കുകയാണ്. ഏത് മാർഗത്തിലൂടെയും ജനങ്ങളെ വഴി തെറ്റിക്കാൻ ശ്രമിക്കുകയാണ്'– അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ കുറച്ച് നാളുകളായി മനുഷ്യ മനഃസാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കഴിഞ്ഞ തിങ്കളാഴ്ച വെഞ്ഞാറമൂട്ടിലുണ്ടായ സംഭവമാണ് ഇപ്പോൾ ചർച്ചാവിഷയം. 23കാരൻ കുടുംബത്തിലെ നാല് പേരെയും കാമുകിയെയും ക്രൂരമായാണ് തലയ്ക്കടിച്ച് കൊന്നത്. സംഭവത്തിൽ പൊലീസ് വിശദമായ അന്വേഷണം നടത്തുകയാണ്. സാമ്പത്തിക ബാദ്ധ്യതയാണ് പ്രതിയായ അഫാനെ കൊലപാതകങ്ങളിലേക്ക് നയിച്ചതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത്.

ചുറ്റിക ഉപയോഗിച്ചാണ് യുവാവ് ക്രൂരമായി ബന്ധുക്കളെ കൊലപ്പെടുത്തിയത്. കൃത്യം നടത്തിയതിനുശേഷം വിഷം കഴിച്ച പ്രതി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഡോക്ടർമാരുടെ അനുമതിപ്രകാരം ഇയാളെ അറസ്റ്റ് ചെയ്യാനാണ് പൊലീസ് നീക്കം.

2 മണിക്ക് സഹപാഠിയുമായി സംസാരിച്ചിരുന്ന നിയമ വിദ്യാർത്ഥിനി ഒരു മണിക്കൂറിന് ശേഷം മരിച്ച നിലയിൽ

കോഴിക്കോട്: നിയമ വിദ്യാർത്ഥിനി ജീവനൊടുക്കിയ സംഭവത്തിൽ ആൺസുഹൃത്തിനായി അന്വേഷണം ഊർജിതമാക്കി പൊലീസ്. തൃശൂർ പാവറട്ടി ഊക്കൻസ് റോഡിൽ കൈതക്കൽ മൗസ മെഹ്റിസ് (20) ആണ് മരിച്ചത്. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയാണ്. തിങ്കളാഴ്ച വൈകിട്ട് 3.30നാണ് വാപ്പോളിത്താഴത്തെ വാടകവീട്ടിൽ മൗസയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. മൃതദേഹത്തിൽ മറ്റ് പരിക്കുകൾ ഇല്ലാത്തതിനാൽ ആത്മഹത്യയെന്ന നിഗമനത്തിലെത്തുകയായിരുന്നു പൊലീസ്.

മൗസയുടെ മരണവുമായി ബന്ധപ്പെട്ട് സഹപാഠികളായ ആറുപേരെ ഇന്നലെ പൊലീസ് ചോദ്യം ചെയ്തിരുന്നു. ഇവരിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ആൺസുഹൃത്തിലേയ്ക്ക് കേന്ദ്രീകരിച്ചത്. ഇയാൾ ഒളിവിലാണെന്നാണ് പൊലീസ് പറയുന്നത്. മൗസയുടെ ഫോണും കണ്ടെത്താനായിട്ടില്ല.

മൗസയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് കുടുംബം ആരോപിച്ചിരുന്നു. ഫെബ്രുവരി 15നാണ് അവസാനമായി തൃശൂരിലെ വീട്ടിൽ മൗസ എത്തിയത്. 17ന് താമസസ്ഥലത്തേയ്ക്ക് തിരികെ പോയി. സ്റ്റഡി ലീവിന്റെ ഭാഗമായി മാർച്ച് 13ന് മുൻപായി തിരികെ എത്തുമെന്നും വീട്ടുകാരെ അറിയിച്ചിരുന്നു.

സംഭവദിവസം രാവിലെ മൗസ ക്ളാസിലെത്തിയിരുന്നു. പിന്നീട് ക്ളാസിൽ നിന്നിറങ്ങി. ഉച്ചയ്ക്ക് രണ്ട് മണിയോടെ സഹപാഠിയുമായി ക്യാമ്പസിൽ സംസാരിച്ചിരിക്കുന്നത് ചില വിദ്യാർത്ഥികൾ കണ്ടിരുന്നു. മൂന്നരയോടെ താമസസ്ഥലത്ത് തൊട്ടടുത്ത മുറിയിൽ താമസിക്കുന്ന വിദ്യാർത്ഥിനിയാണ് മൗസയെ തൂങ്ങിമരിച്ച നിലയിൽ കണ്ടത്.

കോവൂർ സ്വദേശിയാണ് മൗസയുടെ ആൺസുഹൃത്തെന്നാണ് വിവരം. ഇയാൾ വിവാഹിതനാണെന്നും പറയപ്പെടുന്നു. മൗസയുടെ ഫോൺ ഇയാൾ കൈക്കലാക്കിയോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പൊലീസ് അന്വേഷിക്കുന്നുണ്ട്.

ശോഭയോ രമേശോ മുരളീധരനോ? ബി ജെ പി സംസ്ഥാന പ്രസിഡന്റ് പ്രഖ്യാപനം നീളുന്നു

കൊല്ലം: ബി.ജെ.പി.യുടെ സംസ്ഥാന പ്രസിഡന്റ് പ്രഖ്യാപനം നീളുന്നു. ഡൽഹി തിരഞ്ഞെടുപ്പിനു പിന്നാലെ പ്രഖ്യാപനം നടക്കുമെന്നാണ് ആദ്യം പറഞ്ഞിരുന്നത്. 17–ന് പ്രഖ്യാപിക്കുമെന്ന് പിന്നീട് പറഞ്ഞു. അതുസംബന്ധിച്ച് കേരളത്തിലെ നേതാക്കൾക്ക് ഒരറിവുമില്ല. ദേശീയ ജനറൽ സെക്രട്ടറി തരുൺ ചുഗ്, സംസ്ഥാന കോർ കമ്മിറ്റി അംഗങ്ങളോട് അഭിപ്രായംചോദിച്ച് റിപ്പോർട്ട് തയ്യാറാക്കിനൽകിയിട്ടുണ്ട്. എം.ടി.രമേശ്, വി.മുരളീധരൻ, ശോഭാ സുരേന്ദ്രൻ എന്നിവരുടെ പേരുകളാണ് ഈ റിപ്പോർട്ടിലുള്ളത്. അതിനുശേഷം ദേശീയ നേതൃത്വം കേരള നേതാക്കളോട് ചർച്ചയൊന്നും നടത്തിയിട്ടില്ല.

ഇനി പന്ത് ദേശീയ നേതൃത്വത്തിന്റെ കോർട്ടിലാണ്. തീരുമാനമെടുക്കുംമുൻപ് ആർ. എസ്. എസ്. സംസ്ഥാന ഘടകത്തിന്റെ അഭിപ്രായം തേടാറുണ്ട്. സംസ്ഥാന പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ വരണാധികാരി പ്രഹ്ലാദ് ജോഷിയാണ്. അടുത്ത ദിവസങ്ങളിലൊന്നും ജോഷി കേരളത്തിലേക്ക് യാത്ര നിശ്ചയിച്ചിട്ടില്ല. തീരുമാനമെടുത്തുകഴിഞ്ഞാൽ നാമനിർദേശപത്രിക സ്വീകരിച്ച് സംസ്ഥാന കൗൺസിൽ അംഗങ്ങളുടെ യോഗത്തിൽ തിരഞ്ഞെടുപ്പുനടപടി പൂർത്തിയാക്കി പ്രഖ്യാപനം നടത്തുകയാണ് പതിവ്. അത്തരമൊരു യോഗത്തിനുള്ള വിളി പ്രതീക്ഷിച്ചിരിക്കുകയാണ് കേരളത്തിലെ നേതാക്കൾ.

സമീപകാല സംഘടനാതിരഞ്ഞെടുപ്പുകളിൽ സംസ്ഥാന പ്രസിഡന്റുസ്ഥാനത്തേക്ക് പരിഗണിക്കപ്പെടുകയും ഒടുവിൽ ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ള എം.ടി.രമേശിന് അവസരം നൽകണമെന്ന് കൃഷ്ണദാസ് പക്ഷം കേന്ദ്ര നേതൃത്വത്തിനു മുന്നിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും പരിഗണിക്കാതിരിക്കുന്നത് അനീതിയാകുമെന്നാണ് അവരുടെ വാദം.

ദക്ഷിണേന്ത്യയിൽനിന്ന് ഒരു വനിതാ പ്രസിഡന്റ് വേണമെന്ന് തീരുമാനിച്ചാൽ ശോഭാ സുരേന്ദ്രന് നറുക്ക് വീഴും. വി.മുരളീധരനുവേണ്ടിയും ഒരു വിഭാഗം വാദിക്കുന്നു. എന്നാൽ മുരളീധരന് ദേശീയ നേതൃത്വത്തിൽ നിർണായകചുമതല ഇക്കുറി ലഭിക്കുമെന്നാണ് അറിയുന്നത്.

പ്രഖ്യാപനം വൈകുംതോറും സംസ്ഥാന പ്രസിഡൻറുസ്ഥാനത്തേക്ക് കെ.സുരേന്ദ്രന് തുടരാൻ അവസരമൊരുങ്ങുമെന്ന് സുരേന്ദ്രൻ പക്ഷത്തെ നേതാക്കൾ പറയുന്നു. സംസ്ഥാന മുഖ്യമന്ത്രിമാരെ തീരുമാനിക്കുമ്പോൾ ചെയ്യാറുള്ളതുപോലെ ദേശീയനേതൃത്വം അപ്രതീക്ഷിത മുഖങ്ങളെ അവതരിപ്പിക്കുമെന്ന് കരുതുന്നവരുമുണ്ട്.

മാംസാഹാരം വിളമ്പി; യൂണിവേഴ്സിറ്റി മെസിൽ എസ്എഫ്ഐ – എബിവിപി കൂട്ടത്തല്ല്

ന്യൂഡൽഹി: മഹാശിവരാത്രി ദിനത്തിൽ സർവകലാശാല മെസിൽ മാംസാഹാരം വിളമ്പിയതിന് പിന്നാലെ കൂട്ടയടി. ഡൽഹി സൗത്ത് ഏഷ്യൻ യൂണിവേഴ്സിറ്റിയിലാണ് രണ്ട് സംഘം വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടായത്. എസ്എഫ്ഐ – എബിവിപി വിദ്യാർത്ഥികളാണ് തമ്മിലടിച്ചത്. സംഭവത്തിൽ സർവകലാശാല ഇതുവരെ പ്രതികരിച്ചിട്ടില്ല. ഇതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നാണ് ഡൽഹി പൊലീസ് അറിയിച്ചത്. സർവകലാശാല ആഭ്യന്ത അന്വേഷണം നടത്തുകയാണ് എന്നാണ് വിവരം.

സൗത്ത് ഏഷ്യൻ യൂണിവേഴ്സിറ്റിയിൽ സംഘർഷമുണ്ടായെന്ന് ഇന്നലെ വൈകിട്ട് 3.45ന് ഒരാൾ ഫോണിൽ വിളിച്ചറിയിച്ചതായി ഡൈൻഗരി പൊലീസ് പറഞ്ഞു. ഒരു വിദ്യാർത്ഥിനിയും കുറച്ച് യുവാക്കളും തമ്മിൽ തല്ലുന്ന വീഡിയോയും ഇന്നലെ പുറത്തുവന്നിരുന്നു. മർദനമേറ്റ യുവതിയാണ് പൊലീസിനെ വിവരമറിയിച്ചത്. വിദ്യാർത്ഥിനിയെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയെന്ന് പൊലീസ് അറിയിച്ചു.

മോഷ്ടിക്കപ്പെട്ട സ്വർണം വീടിന് പുറത്തുവച്ചിരുന്ന ബക്കറ്റിൽ കണ്ടെത്തി; തിരിച്ചുകിട്ടിയത് 25 പവൻ

കോഴിക്കോട്: മുക്കത്ത് ഓട് പൊളിച്ച് മോഷ്ടിച്ചുകൊണ്ടുപോയ സ്വർണം അതേ വീട്ടിൽ തിരികെക്കൊണ്ടിട്ട് മോഷ്ടാവ്. തുണി അലക്കുന്ന ബക്കറ്റിലാണ് ആഭരണങ്ങൾ കണ്ടെത്തിയത്. മുക്കം കുമാരനല്ലൂരിൽ ചക്കിങ്ങൽ വീട്ടിൽ സെറീനയുടെ വീട്ടിൽ നിന്നും കഴിഞ്ഞ ശനിയാഴ്ച മോഷണം പോയ 25 പവൻ സ്വർണ്ണമാണ് വീടിന് പുറത്ത് മുഷിഞ്ഞ തുണി സൂക്ഷിച്ച ബക്കറ്റിൽ ഇന്ന് രാവിലെ കണ്ടെത്തിയത്.

ശനിയാഴ്ച രാത്രി എട്ടുണിയോടെ ബന്ധുവീട്ടിൽ സൽക്കാരത്തിൽ പങ്കെടുക്കാൻ പോയ സെറീനയും കുടുംബവും രാത്രി പത്ത് മണിയോടെയാണ് തിരിച്ചെത്തിയത്. ഈ സമയത്താണ് മുറിയിലെ അലമാരയുടെ ചുവട്ടിൽ പെട്ടികളിലായി സൂക്ഷിച്ചിരുന്ന 25 പവൻ മോഷണം പോയതായി കണ്ടെത്തിയത്. വീടിന്റെ ഓട് പൊളിച്ച നിലയിലായിരുന്നു. തുടർന്ന് സെറീന മുക്കം പോലീസിൽ പരാതി നൽകി. ബന്ധുക്കളെ ഉൾപ്പടെ സംശയിക്കുന്നുണ്ടെന്ന് കാണിച്ചായിരുന്നു സറീനയുടെ പരാതി.

പരാതിയിൽ മുക്കം പോലീസ് അന്വേഷണം നടത്തുന്നതിനിടെയാണ് ഇന്ന് രാവിലെ വീടിന് പുറകിൽ അലക്കാനുള്ള വസ്ത്രങ്ങൾ സൂക്ഷിച്ച ബക്കറ്റിൽ നിന്നും സ്വർണ്ണം ലഭിച്ചത്. വീട്ടുകാർ അലക്കാനായി തുണി ബക്കറ്റിൽ നിന്നും പുറത്തെടുത്തപ്പോളാണ് സ്വർണം കണ്ടത്. മുക്കം പോലീസ് സ്ഥലത്തെത്തി തിരിച്ചുകിട്ടിയ സ്വർണാഭരണം പരിശോധിച്ചു. ഒരു മാലയൊഴികെ ബാക്കി സ്വർണം തിരിച്ചുകിട്ടിയതായി സെറീന പോലീസിനെ അറിയിച്ചു.

21 പവൻ സ്വർണം വീണ്ടെടുത്തെന്ന് മുക്കം പോലീസ് അറിയിച്ചു. പിടിക്കപ്പെടുമെന്ന ഭയംകൊണ്ടാകാം മോഷ്ടാവ് ആഭരണങ്ങൾ തിരികെ എത്തിച്ചത് എന്നും അന്വേഷണസംഘം പറഞ്ഞു.

ഷെറിനെതിരെ സഹതടവുകാരിയായ വിദേശവനിതയെ ആക്രമിച്ചതിന് കേസ്

കണ്ണൂർ: ചെറിയനാട് ഭാസ്കര കാരണവർ വധക്കേസിൽ ജയിലിൽ കഴിയുന്ന പ്രതി ഷെറിനെതിരെ വീണ്ടും കേസ്. സഹതടവുകാരിയായ വിദേശ വനിതയെ അക്രമിച്ചതിനാണ് കേസ്. വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ഷെറിന് ശേഷിക്കുന്ന ശിക്ഷാകാലയളവ് ഇളവ് ചെയ്ത് ജയിൽമോചനം നൽകാൻ മന്ത്രിസഭാ യോഗം ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ ഗവർണറുടെ പരിഗണനയിലിരിക്കെയാണ് പുതിയ കേസ് വന്നിരിക്കുന്നത്.

ഷെറിന് ശിക്ഷായിളവ് നൽകാനുള്ള തീരുമാനം വിവാദമായിരുന്നു. ജയിൽ ഉപദേശക സമിതിയുടെ ശുപാർശയും നിയമ വകുപ്പിന്റെ അഭിപ്രായവും പരിഗണിച്ചാണ് നടപടിയെന്നായിരുന്നു സർക്കാരിന്റെ വാദം. എന്നാൽ ജയിലിൽ ഇവർക്ക് വഴിവിട്ട് പരിഗണനകൾ ലഭിച്ചിരുന്നതായി സഹതടവുകാരുടെ വെളിപ്പെടുത്തലടക്കം ഉണ്ടാകുയും ചെയ്തിരുന്നു.

ഈ വിവാദങ്ങൾക്കിടെയാണ് ഈ മാസം 24ന് ഷെറിനും മറ്റൊരു തടവുകാരിയും ചേർന്ന് വിദേശ വനിതയെ അക്രമിച്ചത്. ഇതിൽ കണ്ണൂർ ടൗൺ പോലീസ് എഫ് ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുടിവെള്ളമെടുക്കാനായി പോയ വിദേശ വനിതയെ ഇവർ ചേർന്ന് തടഞ്ഞുവെക്കുകയും ഭീഷണിപ്പെടുത്തുകയും അക്രമിക്കുകയുമായിരുന്നു എന്നാണ് എഫ് ഐ ആറിലുള്ളത്.

മുമ്പും സഹതടവുകാരുമായി ഷെറിൻ പ്രശ്നങ്ങളിലേർപ്പെട്ടിട്ടുണ്ടെന്ന് ആരോപണങ്ങളുയർന്നിരുന്നു. എന്നാൽ ജയിലിലെ നല്ല നടപ്പുകൊണ്ടാണ് ശിക്ഷായിളവിന് ഷെറിനെ പരിഗണിച്ചതെന്നായിരുന്നു കണ്ണൂർ വനിതാ ജയിൽ ഉപദേശക സമിതിയുടെ വാദം.

കൃതജ്ഞത

ഡോ. ലളിത ബാബുരാജ് (77)
സീനിയർ ഗൈനക്കോളജിസ്റ്റ്, അശ്വിനി ഹോസ്പിറ്റൽ
W/o. Late ഡോ. പി ബാബുരാജ്
'പരമേശ്വര നിലയയം, വാഴപ്പിള്ളി ലെയിൻ, വടക്കേ ബസ് സ്റ്റാന്റ്, തൃശൂർ

ഞങ്ങളുടെ സ്നേഹനിധിയായ അമ്മ തൃശൂർ അശ്വിനി ആശുപത്രിയിലെ സീനിയർ ഗൈനക്കോളജിസ്റ്റ് വാഴപ്പിള്ളി ലെയിൻ പരമേശ്വര നിലയത്തിൽ പരേതനായ ഡോ. പി. ബാബുരാജ്ന്റെ ഭാര്യ ലളിത ബാബുരാജിന്റെ (77) നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് പാറമേക്കാവ് ശാന്തിഘട്ടിൽ വെച്ച് നടത്തിയ സംസ്കാര കർമ്മങ്ങളിലും പങ്കുകൊണ്ട് പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, അശ്വിനി ആശുപത്രിയിലെ ഡോക്ടർമാർ, നേഴ്സുമാർ, സഹ പ്രവർത്തകർ, മറ്റു ജീവനക്കാർ, ഉദ്യോഗസ്ഥ പ്രമുഖർ, വ്യാപാരി വ്യവസായികൾ. സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

ദുഃഖ സ്മരണകളോടെ,

മക്കൾ: ഡോ. ഹരികൃഷ്ണൻ (അസോസിയേറ്റ് പ്രൊഫസർ, മെഡിസിൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശൂർ)
ഡോ. ലക്ഷ്മി (ദുബായ്)
മരുമക്കൾ: ഡോ. ഐശ്വര്യ (സീനിയർ റസിഡന്റ് മൈക്രോ ബയോളജി, അമല മെഡിക്കൽ കോളേജ്)
ഡോ. മധുജിത്ത് (റേഡിയോളജിസ്റ്റ്, ദുബായ്)
മറ്റു കുടുംബാംഗങ്ങൾ

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

യുഡിഎഫ് ജനകീയ പ്രക്ഷോഭം ആരംഭിക്കണം: മദ്യ വിമോചന മഹാ സഖ്യം

തൃശൂർ: കേരളത്തിൽ ലഹരിക്കൊലകളും അക്രമങ്ങളും പെരുകിവരുന്ന സാഹചര്യത്തിൽ ലഹരിപദാർത്ഥങ്ങളുടെ പിടിയിൽ നിന്നും കേരളത്തെ മോചിപ്പിക്കുവാൻ യുഡിഎഫ് ജനകീയ പ്രക്ഷോഭം ആരംഭിക്കുകയാണെങ്കിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉണ്ടായിരിക്കുമെന്നും അതിനു മദ്യ വിമോചന മഹാ സഖ്യത്തിന്റെ സർവ്വ പിന്തുണയും നൽകുമെന്നും സംസ്ഥാന നേതൃയോഗം തീരുമാനിച്ചു.

മദ്യവും മറ്റു ലഹരിവസ്തുക്കളും യഥേഷ്ടം നാട്ടിൽ സുലഭമാണ്. അത് തടയുന്നതിൽ സർക്കാർ യാതൊരു താല്പര്യവും കാണിക്കുന്നില്ല. ജനം വളരെ ഭീതിയിലാണ്. ഈ സർക്കാരിനെ ഉണർത്തുവാൻ എല്ലാവരേയും കോർത്തിണക്കി യുഡിഎഫ് എന്തെങ്കിലും ചെയ്യേണ്ടതാണ് എന്ന് യോഗം അഭിപ്രായപ്പെട്ടു.

മെയ് 24, 25 തിയ്യതികളിൽ പൊന്നാനി വെളിയംകോട് വെച്ച് സംസ്ഥാന സമ്മേളനം പ്രകടനത്തോടെ നടത്തുവാൻ യോഗം തീരുമാനിച്ചു.

യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ എ മഞ്ജുഷ, കമറുദ്ദീൻ വെളിയംകോട്, ഹരി വെള്ളാനി, ആറാലുംമൂട് ചന്ദ്രബാബു, പോൾ ചെവിടൻ, ബേബി കണ്ണംപടത്തി, സുൽഫിക്കർ കെ തുടങ്ങിയവർ പ്രസംഗിച്ചു.

ആശാവർക്കർമാർ സമരം ചെയ്യേണ്ടത് കേന്ദ്രസർക്കാരിനെതിരെ : ശൈലജ ടീച്ചർ എംഎൽഎ

തൃശ്ശൂർ: ന്യായമായ അനുകൂല്യങ്ങൾ തടഞ്ഞുവച്ച കേന്ദ്ര സർക്കാരിനെതിരെയാണ് ആശാവർക്കർമാർ സമരം ചെയ്യേണ്ടതെന്നും. ബിജെപിയുടെ ഫാസിസ്റ്റ് പ്രവണതകളെ ശക്തമായി എതിർക്കുമെന്നും. സിപിഐഎം കേന്ദ്ര കമ്മിറ്റി അംഗവും മുൻ ആരോഗ്യവകുപ്പ് മന്ത്രിയും മട്ടന്നൂർ എംഎൽഎയുമായ കെ കെ ശൈലജ ടീച്ചർ. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കും.

കേരളം ഇന്ത്യയിലില്ലേ എന്ന മുദ്രാവാക്യമുയർത്തി സിപിഐഎം തൃശ്ശൂർ ജില്ലാ കമ്മിറ്റി ബിഎസ്എൻഎൽ ഓഫീസിലേക്ക് നടത്തിയ മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അവർ.

500 രൂപ മാത്രം ലഭിച്ചിരുന്ന ആശാപ്രവർത്തകരുടെ ഓണറേറിയം ഘട്ടം ഘട്ടമായി ഇന്നത്തെ നിലയിലേക്കുയർത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളാണ്. കേരളത്തെ ഏതുവിധേനയും നശിപ്പിക്കുകയെന്നതാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. ധനകാര്യ കമ്മീഷൻ ശുപാർശകൾ കാറ്റിൽ പറത്തിയാണ് ബജറ്റിൽ കേരളത്തിന്റെ നികുതി വിഹിതം വെട്ടിക്കുറച്ചതെന്നും ടീച്ചർ പറഞ്ഞു.

കേന്ദ്രസർക്കാരിന്റെ ഫാസിസ്റ്റ് പ്രവണതകളെ എതിർത്ത് ശക്തമായി മുന്നോട്ടു പോകും. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഏകാധിപത്യ ഭരണത്തിലൂടെ ഫാസിസ്റ്റ് പ്രവണതകൾ കാട്ടിയയാളാ ണ് ഇന്ദിരാഗാന്ധി. എന്നാൽ ഇന്ദിരയെ ഫാസിസ്റ്റ് എന്ന് വിളിച്ചിട്ടില്ല. ജനങ്ങൾ തെരഞ്ഞെടുപ്പിൽ തോൽപ്പിച്ചു. 400 സീറ്റിൽ കൂടുതൽ നേടി ഒറ്റയ്ക്ക് അധികാരത്തിലെത്തി ഫാസിസം നടപ്പാക്കാനാണ് ബിജെപിയും ആർഎസ്എസും ലക്ഷ്യമിട്ടത്. ബിജെപിക്കെതിരെ ഘടകകക്ഷികളെ കൂട്ടിയോജിപ്പിച്ചത് സീതാറാം യെച്ചൂരിയാണ്. കേരളം പിന്നോക്കവസ്ഥയിലാണെന്ന് സമ്മതിച്ചാൽ സഹായം നൽകാമെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന സംസ്ഥാനത്തിന്റെ നേട്ടങ്ങളോടുള്ള കണ്ണുകടിയാണെന്നും കെ കെ ശൈലജ ടീച്ചർ പറഞ്ഞു. സംസ്ഥാനകമ്മിറ്റി അംഗം എം എം വർഗീസ് അധ്യക്ഷത വഹിച്ചു.

തെക്കേ ഗോപുര നടയിൽ നിന്ന് ആരംഭിച്ച പ്രതിഷേധ റാലിയിൽ പതിനായിരങ്ങൾ അണിനിരുന്നു. എംഎൽഎമാരായ എസി മൊയ്തീൻ. സേവിയർ ചിറ്റലപ്പിള്ളി. കെ കെ രാമചന്ദ്രൻ. യു ആർ പ്രദീപ്. സംസ്ഥാന കമ്മിറ്റി അംഗം എൻ ആർ ബാലൻ. യുപി ജോസഫ്. . ടി ശശിധരൻ. കെ വി നബീസ. പി കെ ഷാജൻ. കെ എഫ് ഡേവിസ്.പി കെ ചന്ദ്രശേഖരൻ. ഉഷ പ്രഭുകുമാർ. എന്നിവർ നേതൃത്വം നൽകി.

വാരിയർ സമാജം ഉൽകണ്ഠ രേഖപ്പെടുത്തി

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ക്ഷേത്രത്തിലെ മാല കെട്ട് , വിളക്ക് പിടിക്കൽ മുതലായ ആചാര അനുഷ്ഠാനങ്ങൾ കൃത്യമായി അവകാശികളായ വാരിയർ സമുദായം ഗങ്ങൾ നിർവ്വഹിച്ചിരുന്നതാണ്. എന്നാൽ ഇത്തരം പ്രവൃത്തികൾ ചെയ്ത് വന്നിരുന്ന സമുദായംഗങ്ങളെ ഒഴിവാക്കി, നിയമനം നടത്തുന്നതിനുള്ള നടപടികൾ ദേവസ്വം തുടങ്ങിയതിന്റെ അടിസ്ഥാനത്തിൽ പാരമ്പര്യ കാരായ്മ കഴകക്കാർ ഹൈകോടതിയെ സമീപിച്ചിരിക്കുകയാണ്. ക്ഷേത്ര ചടങ്ങുകളുടെ അവസാനവാക്കായ തന്ത്രിയുടെയും അഭിപ്രായങ്ങൾക്ക് വിരുദ്ധമായി തിടുക്കപ്പെട്ട് കഴക പ്രവൃത്തി ചെയ്ത് വന്നിരുന്ന വാര്യർ സമുദായംഗങ്ങളെ ഒഴിവാക്കി മറ്റൊരാളെ നിയമനം നടത്തിയതിൽ വാര്യർ സമാജം ഉത്കണ്ഠ രേഖപ്പെടുത്തി. കാരായ്മ പ്രവൃത്തി ചെയ്ത് വരുന്നവർക്ക് തുടർ നടപടികൾക്ക് പൂർണ്ണ പിന്തുന്ന നൽകുകയും ചെയ്യുന്നതാണ്.

ഇരിങ്ങാലക്കുട യൂണിറ്റ് ഭാരവാഹികൾ:

വി.വി. ഗിരീശൻ - സമാജം സംസ്ഥാന ട്രഷറർ, എ.സി. സുരേഷ് - മധ്യമേഖല സെക്രട്ടറി, പി.വി. രുദ്രൻ വാരിയർ - ഇരിങ്ങാലക്കുട യൂണിറ്റ് പ്രസിഡണ്ട്, ടി. ഉണ്ണികൃഷ്ണൻ - യൂണിറ്റ് സെക്രട്ടറി, എ അച്ചുതൻ - യൂണിറ്റ് ട്രഷറർ.

ഐ.ഡി. ഫ്രാൻസിസ്: സർവകക്ഷിയോഗം അനുശോചിച്ചു

കാറളം: കോൺഗ്രസ് നേതാവും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലും ജനപ്രതിനിധിയുമായിരുന്ന ഐ ഡി ഫ്രാൻസിസിന്റെ നിര്യാണത്തിൽ സർവകക്ഷി യോഗം അനുശോചിച്ചു. കോൺഗ്രസ് കാട്ടൂർ ബ്ളോക്കക് വൈസ് പ്രസിഡന്റ് വി.ഡി.സൈമൺ അധ്യക്ഷത വഹിച്ചു.

മുൻ സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ, മുൻ ഡി സി സി പ്രസിഡന്റ് ജോസ് വള്ളൂർ, കാറളം പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു പ്രദീപ്, സി പി എം കാറളം ലോക്കൽ സെക്രട്ടറി അജിത്, സി പി ഐ ജില്ലാ കൌൺസിൽ അംഗം കെ.ശ്രീകുമാർ, ഡി സി സി ജനറൽ സെക്രട്ടറി ആന്റോ പെരുമ്പുള്ളി, പഞ്ചായത്തംഗം അജയൻ, ബ്ളോക്ക് പഞ്ചായത്തംഗം മോഹനൻ വലിയാട്ടിൽ, മുൻ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ .ഉദയപ്രകാശ്, കോൺഗ്രസ് കാട്ടൂർ ബ്ളോക് പ്രസിഡന്റ് ഷാറ്റൊ കുര്യൻ, തിലകൻ പൊയ്യാറ, വേണു കുട്ടശാംവീട്ടിൽ, കാറളം രാമചന്ദ്രൻ എന്നിവർ അനുസ്മരണ പ്രസംഗം നടത്തി.

പുസ്തകപ്രകാശനം നിർവ്വഹിച്ചു

ഇരിഞ്ഞാലക്കുട: കഥാകൃത്തും ഇരിഞ്ഞാലക്കുട കുടുംബകോടതി ശിരസ്തദാരുമായ ഇരിഞ്ഞാലക്കുട ബാബുരാജിന്റെ രണ്ടാമത് കഥാസമാഹാരമായ ഫ്യൂച്ചർ പ്ലാൻ പ്രകാശിതമായി. വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിൽ പുസ്തക പ്രകാശനം നിർവ്വഹിച്ചു. സാഹിത്യകാരൻ തുമ്പൂർ ലോഹിതാക്ഷൻ മാസ്റ്റർ പുസ്തകം ഏറ്റുവാങ്ങി. നിരൂപകൻ വി യു സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൃഷ്ണകുമാർ മാപ്രാണം, ശ്രീല വി വി, യു കെ സുരേഷ് കുമാർ, കാട്ടൂർ രാമചന്ദ്രൻ, ഷെറിൻ അഹമ്മദ്, ജോസ് മഞ്ഞില, കൃഷ്ണകുമാർ എ വി എന്നിവർ സംസാരിച്ചു. ഗാനാലാപനത്തിൽ സാജു എം എസ്, ചിന്ത സുഭാഷ്, രമ്യ, വിദ്യ ടീച്ചർ, കുമാരി വേദിക കൃഷ്ണ എന്നിവർ പങ്കെടുത്തു.

മദ്യം അകത്തുചെന്നപ്പോൾ 15 വർഷം മുൻപ് നടന്ന കാര്യം ഓർത്തു; തർക്കം; ക്രൂര കൊലപാതകം

തൃശൂർ: പൊന്നൂക്കരയിൽ അൻപത്തിനാലുകാരന്റെതലഭിത്തിയിലിടിപ്പിച്ച് കൊന്ന് യുവാവ്. മദ്യലഹരിയിലായിരുന്നു കൊലപാതകമെന്നാണ് വിവരം. പൊന്നൂക്കര സ്വദേശി സുധീഷാണ് കൊല്ലപ്പെട്ടത്. പ്രതി വിഷ്ണുവിനെ (38) പൊലീസ് കസ്റ്റഡിയിലെടുത്തു. ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയാണ് വിഷ്ണു.15 വർഷം മുൻപ് സുധീഷിന്റെ സഹോദരിയെ വിഷ്ണു കളിയാക്കിയിരുന്നു. ഇത് മദ്യം അകത്തു ചെന്നതോടെ സുധീഷിന് ഓർമ വന്നു. ഇക്കാര്യം പറഞ്ഞ് രണ്ടുപേരും തമ്മിൽ തർക്കമായി. ഇതിനിടെയാണ് സുധീഷിന്റെ തല വിഷ്ണു ഭിത്തിയിൽ ഇടിപ്പിച്ചത്. സുധീഷിന്റെ മുതുകിൽ ആസ്ട്രോ ബ്ലേഡ് ഉപയോഗിച്ച് വിഷ്ണു മുറിവുണ്ടാക്കുകയും ചെയ്തു. ഇരുവരുടെയും സുഹൃത്ത് സുകുമാരന്റെ വീട്ടിൽ വച്ചായിരുന്നു കൊലപാതകം. ഇന്നലെ വൈകിട്ടായിരുന്നു സംഭവം. പരുക്കേറ്റ സുധീഷ് ചികിൽസയിലിരിക്കെ ഇന്ന് രാവിലെയാണ് മരിച്ചത്.

കൊലപാതക രാഷ്ട്രീയത്തിന് എതിരെ യൂത്ത് കോൺഗ്രസ് ജനകീയ സദസ്സ് സംഘടിപ്പിച്ചു

പുതുക്കാട്: അനശ്വര രക്ത സാക്ഷികളായ ശുഹൈബ്, കൃപേഷ്, ശരത്ത് ലാൽ രക്ത സാക്ഷി അനുസ്മരണം യൂത്ത് കോൺഗ്രസ് പുതുക്കാട് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പുന്ന നൗഷാദ് നഗർ വരന്തരപ്പിള്ളിയിൽ സംഘടിപ്പിച്ചു.

രക്തസാക്ഷി സ്തൂപത്തിനു മുൻപിൽ പുഷ്പാർച്ചനക്ക് ശേഷം നടന്ന ജനകീയ സദസ്സ് അഖിലേന്ത്യാ യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി രമ്യ ഹരിദാസ് എക്സ് എംപി ഉദ്ഘാടനം നിർവഹിച്ചു സംസാരിച്ചു. യൂത്ത് കോൺഗ്രസ് പുതുക്കാട് നിയോജക മണ്ഡലം പ്രസിഡന്റ് ഫൈസൽ ഇബ്രാഹിം അധ്യക്ഷത വഹിച്ചു .യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ഹരീഷ് മോഹൻ,യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.സി.പ്രമോദ്, യൂത്ത് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി ഷെറിൻ തേർമഠം തുടങ്ങിയവർ മുഖ്യധിതികളായി, ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ സെക്രട്ടറിമാരായ ടി.എം ചന്ദ്രൻ, സെബി കൊടിയൻ, നേതാക്കളായ സഹ ജോസ് മാസ്റ്റർ, പോൾസൺ തെക്കുംപീടിക, ഡേവിസ് അക്കര, ഇഎ ഓമന, ഉമ്മർ, ജിമ്മി മഞ്ഞളി, ഷാഫി കല്ലുപറമ്പിൽ, പ്രീബനൻ, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്മാരായ ജിജോ പുന്നക്കര,ഹരൺ ബേബി, ജിജു കീറ്റിക്കൽ, തുടങ്ങിയവർ സംസാരിച്ചു.കെ എസ്യു ജില്ലാ സെക്രട്ടറി പ്രണവ് പ്രിൻസ്,യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം ഭർവാവാഹികളായ നൈജോ ആന്റോ, ലിനോ മൈക്കിൾ ദീപക് വി എൻ, അസ്റ്റൽ ജോയ്, ആൻസ് ആന്റോ, ജ്യോതിഷ്, അഭിജിത്ത്, ഫിജാസ് വിഎസ് തുടങ്ങിയവർ നേതൃത്വം നൽകി.

വെങ്കല മെഡലൽനേടിയ റൊണാൾഡയെ അനുമോദിച്ചു

ഇരിങ്ങാലക്കുട : ചെന്നൈയിൽ നടന്ന ദേശീയ പാര അത്ലറ്റിക്സ് ചാപ്യൻഷിപ്പിൽ കേരളത്തിനു വേണ്ടി ലോങ്ങ് ജമ്പിൽ വെങ്കല മെഡലൽനേടിയ കരുവന്നൂർ പുറത്താട് വാളകടവിൽ വാസന്തി മകൾ റൊണാൾഡയെ പൊറത്തിശ്ശേരി മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റി അനുമോദിച്ചു.

മണ്ഡലം പ്രസിഡണ്ട് പി.കെ. ഭാസി , ബ്ലോക്ക് കോൺഗ്രസ്സ് നേതാക്കളായ ജോബി തെക്കൂടൻ, കെ. കെ. അബ്ദുള്ളകുട്ടി, മുൻ പഞ്ചായത്ത് മെമ്പർ കെ. ശിവരാമൻ നായർ, INTUC നേതാക്കളായ അബാസ് എ.സ്, സുരേഷ് പി. എൻ. എന്നിവർ അനുമോദന ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

മന്നം സമാധി ദിനം

ഇരിങ്ങാലക്കുട: സമുദായാചാര്യൻ മന്നത്ത് പദ്മനാഭന്റെ 55-ാം ചരമവാർഷികം ഭക്തി നിർഭരമായ ചട്ടങ്ങുകളോടെ ഒരുമനയൂർ എൻ എസ് എസ് കരയോഗ മന്ദിരത്തിൽ ആചരിച്ചു. പുണ്യാത്മാവിന്റെ ചിത്രത്തിനു മുന്നിൽ വിളക്കു തെളിയിച്ച് പുഷ്പാർച്ചന നടത്തി.

ഉണ്ണി ചാഴിയാട്ടിരിയുടെ രാമായണ പാരായണവുംഉണ്ടായിരുന്നു. ചടങ്ങിൽ കരയോഗം സെക്രട്ടറി ശശി നായർ, ജോ. സെക്രട്ടറി രാമചന്ദ്രൻ നായർ, ആർദ്ര രാജീവ് എന്നിവരും മറ്റു കരയോഗാ0ഗങ്ങളും പങ്കെടുത്തു.

മുകുന്ദപുരം എൻ.എസ്. എസ് താലൂക്ക് യൂണിയൻ ആസ്ഥാനത്ത് മന്നം സമാധി ദിനാചരണം

ഇരിങ്ങാലക്കുട: നായർ സർവീസ് സൊസൈറ്റി സ്ഥാപകൻ മന്നത്തുപത്മനാഭന്റെ അൻപത്താഞ്ചമത് സമാധിദിനം ഭക്തിനിർഭരമായ ചടങ്ങുകളോടെ മുകുന്ദപുരം താലൂക്ക് യൂണിയൻ ആസ്ഥാനത്ത് ആചരിച്ചു. രാവിലെ ആറുമണിമുതൽ ഭക്തിഗാനാലാപനവും തുടർന്ന് സമൂഹപ്രാർത്ഥനയുമുണ്ടായിരുന്നു.

നായർ സർവീസ് സൊസൈറ്റിയുടെ രൂപീകരണവേളയിൽ മന്നത്തുപത്മനാഭനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ താലൂക്ക് യൂണിയൻ ചെയർമാൻ അഡ്വ. ഡി. ശങ്കരൻകുട്ടി ചൊല്ലിക്കൊടുത്തു. മന്നത്താചാര്യന്റെ ഛായാചിത്രത്തിനുമുൻപിൽ പുഷ്പാർച്ചനയും നടത്തി.

മുൻ എം.എൽ.എ. അഡ്വ. തോമസ് ഉണ്ണിയാടനടക്കമുള്ള രാഷ്ട്രീയ - സാമുദായിക സംഘടനാ നേതാക്കൾ, എൻ.എസ്. എസ്. പ്രതിനിധി സഭാംഗങ്ങളായ സി.ബി. രാജൻ, കെ.ആർ.മോഹനൻ, എസ്. ഹരീഷ്കുമാർ, കെ.ബി.ശ്രീധരൻ താലൂക്ക് യൂണിയൻ ഭരണസമിതി അംഗങ്ങളായ എൻ. ഗോവിന്ദൻകുട്ടി, സുനിൽ കെ. മേനോൻ, സി. വിജയൻ, രവി കണ്ണൂർ, കെ. രാജഗോപാലൻ, വനിതാ യൂണിയൻ പ്രസിഡന്റ് ജയശ്രീ അജയ്, വൈസ് പ്രസിഡന്റ് ചന്ദ്രിക സുരേഷ്, കമ്മിറ്റി അംഗങ്ങളായ മീര ഷാജി, സ്മിത ജയകുമാർ, ജയന്തി രാഘവൻ, മായ, ശ്രീദേവി മേനോൻ, ശ്യാമള രാമചന്ദ്രൻ, രമ ശിവൻ, കരയോഗ കുടുംബാംഗങ്ങൾ തുടങ്ങിയവർ മന്നത്താചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45വരെ ഉപവാസമനുഷ്ഠിച്ച് ചടങ്ങിൽ പങ്കെടുത്തു. താലൂക്ക് യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ സ്വാഗതവും യൂണിയൻ ഭരണസമിതി അംഗം ആർ.ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

ശക്തരായവരെ അശാന്തരാക്കാൻ ശ്രമിക്കും

തൃശൂർ:- നമ്മൾ ശക്തരായതുകൊണ്ടാണ് പലവ്യക്തികളും സാഹചര്യങ്ങളും നമ്മളെ അശാന്തരാക്കാൻ ശ്രമിക്കുന്നതെന്നും എന്നാൽ ശക്തനും ധീരനുമായ നമ്മളെ അശാന്തമാക്കാൻ ലോകത്തിലാർക്കും സാധിക്കുകയില്ലെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.അരണാട്ടുകര ബ്രഹ്മാകുമാരീസ് മഹാശിവരാത്രിയോടനുബന്ധിച്ച് കാര്യാട്ടുകര ശിവക്ഷേത്രത്തിൽ സംഘടിപ്പിച്ച ദ്വാദശ ജ്യോതിർലിംഗ ചിത്ര പ്രദർശനമേള സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു.

ബ്രഹ്മാകുമാരി ബിന്ദു സിസ്റ്ററർ അദ്ധ്യക്ഷയായിരുന്നു.കോർപ്പറേഷൻ കൗൺസിലർ ലാലി ജെയിംസ് ഉൽഘാടനം ചെയ്തു.ശിവക്ഷേത്ര ട്രഷറർ അരവിന്ദൻ,ബി.കെ. സന്തോഷ്,ബി.കെ. പത്മിനി, ബി.കെ.വിജയകുമാർ തുടങ്ങിയവർ സംസാരിച്ചു .

ചെന്നൈയിൽ നടന്ന ദേശീയ പാര അത്ലറ്റിക്സ് ചാപ്യൻഷിപ്പിൽ കേരളത്തിനു വേണ്ടി ലോങ്ങ് ജമ്പിൽ വെങ്കല മെഡലൽ നേടിയ കരുവന്നൂർ പുറത്താട് വാളകടവിൽ വാസന്തി മകൾ റൊണാൾഡയെ പൊറത്തിശ്ശേരി മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റി അനുമോദിക്കുന്നു

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

FD IA: 9/2024, OS : 943/2020

1) മുകുന്ദപുരം താലൂക്കിൽ തൊട്ടിപ്പാൾ വില്ലേജിൽ നെടുമ്പാൾ പള്ളം ദേശം പള്ളത്ത് രാമൻ മകൻ സുധീഷ്
2) ടിയിൽ ടി രാമൻ മകളും കൊടകര വില്ലേജിൽ നടുവത്ത് ഗോപാലകൃഷ്ണൻ ഭാര്യ വിശാലാക്ഷി

-ഹരജിക്കാർ

മുകുന്ദപുരം താലൂക്കിൽ തൊട്ടിപ്പാൾ വില്ലേജിൽ നെടുമ്പാൾ പള്ളം ദേശത്ത് പള്ളത്ത് രാമൻ മകൻ ശിവദാസ്

- എതൃകക്ഷി

മേൽ നമ്പറിൽ FDIA 9/2024 നമ്പർ ഹരജി കാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസ് മുതലായ കോടതി നടപടികൾ ബഹു. കോടതിയിലും ടിയാന്റെ വാസസ്ഥലത്തും പതിച്ചു നടത്താനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പിച്ച് **01-03-2025** തിയ്യതിയിലേക്ക് കേസ് വെച്ചിരിക്കുന്നു. ടി FDIA 9/2024 നമ്പർ ഫൈനൽ വിധി പാസ്സാക്കുന്നതിനായിട്ടുള്ള ഹരജി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ടി ഹരജി കാര്യത്തിൽ നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 09-12-2024
ഹരജിക്കാർ ഭാഗം അഡ്വക്കെറ്റ്
രമേഷ് കൂട്ടാല
ഇരിങ്ങാലക്കുട (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No.:789/2024

ചേരമാൻ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹരജിക്കാർ

1) കൊടുങ്ങല്ലൂർ താലൂക്ക്, മേത്തല വില്ലേജ്, ചാലക്കുളം ദേശത്ത്, നെല്ലിപറമ്പത്ത് അജിത്ത് ഭാര്യ ദീപി
2) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത്, നെല്ലിപറമ്പത്ത് സുന്ദരേശൻ മകൻ സദാനന്ദൻ
3) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് അമ്പാട്ട് വാസു മകൻ സുബിൻ വാസ്
4) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് നെല്ലിപറമ്പത്ത് സദാനന്ദൻ മകൻ അജിത്ത്
5) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് മേത്താശ്ശേരി ധർമ്മൻ മകൻ വിബീഷ്

- എതൃകക്ഷികൾ

കുറി കരാർ പ്രകാരം വരേണ്ട സംഖ്യയ്ക്കും മറ്റുമാണ് ഈ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. മേൽനമ്പർ ഹരജി **20-03-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി പകൽ 11 മണിക്ക് ബഹു. ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, തൃശൂർ മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്തപക്ഷം എതൃകക്ഷികളെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുമെന്ന് അറിയിക്കുന്നു.

എന്ന്, 25-02-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
എം ജി സതീഷ് പ്രഭു (ഒപ്പ്)

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി

OS: 457 / 2024

വാദി: മാള കാത്തലിക് സോഷ്യൽ നിധി Ltd
പ്രതികൾ: ആരിഫ etc
1) ആരിഫ W/o. മുഹമ്മദ് ഇക്ബാൽ പ്ലാക്കൽ കൊച്ചുകടവു ദേശം തിരുമുക്കുളം വില്ലേജ് ചാലക്കുടി താലൂക്ക്
3) മുഹമ്മദ് ഇക്ബാൽ S/o. അലവി ഹാജി-പ്ലാക്കൽ കൊച്ചുകടവു ദേശം തിരുമുക്കുളം വില്ലേജ് ചാലക്കുടി താലൂക്ക്

- 1, 3 പ്രതികൾ

മേൽ നമ്പറിൽ പ്രതികളാൽ വാദിസ്ഥാപനത്തിനു വരേണ്ടതായ സംഖ്യകൾക്കും മറ്റും ബോധിപ്പിച്ച വ്യവഹാരത്തിൽ 1, 3 പ്രതികൾക്കുള്ള സമൻസ് പതിച്ചു നടത്താൻ കൽപ്പിച്ചു **05-03-2025** തിയ്യതിക്ക് വച്ചിരിക്കുന്നു. ടി തീയതി ടി പ്രതികൾ രാവിലെ 11 മണിക്കു കോടതി മുൻപാകെ ഹാജരാകാത്ത പക്ഷം ടിയാരെ കൂടാതെ തീർപ്പാക്കുന്നതാണ്.

എന്ന്, 27-02-2025
വാദിഭാഗം അഡ്വക്കെറ്റ്
സി.കെ. മോഹൻദാസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 791/2024

തൃശൂർ ജില്ലാ ചാവക്കാട് താലൂക്ക്, മുല്ലശ്ശേരി ദേശം, മുല്ലശ്ശേരി വില്ലേജ്, ചിറപ്പറമ്പ് രായംമരക്കാർ വീട്ടിൽ ഷംസുദ്ദീൻ മകളും ഷിഹാസിന്റെ ഭാര്യയും ആയ 31 വയസ് ഷംസീന

-ഹരജിക്കാരി

തൃശൂർ ജില്ലാ ചാവക്കാട് താലൂക്ക്, തൃത്തല്ലൂർ ദേശം, വാടാനപ്പിള്ളി, ബ്രാലിയിൽ ഹൗസ്, അബ്ദുൾകരീം മകൻ 41 വയസ് ഷിഹാസ്

- എതൃകക്ഷി

മേൽ നമ്പർ കേസ് 9-04-2025 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ കേസ് കാര്യത്തിൽ എതൃകക്ഷിക്ക് ആക്ഷേപമുള്ളപക്ഷം ടിയാൻ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം മേൽ നമ്പർ കേസ് എതൃകക്ഷിയെ കൂടാതെ തീർപ്പാക്കുന്നതാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 27-02-2025
ഹരജിക്കാരിഭാഗം അഡ്വക്കെറ്റ്
ആബിത പി. (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2094/2021, IA: 6/2024

തൃശൂർ ജില്ല, തൃശൂർ താലൂക്ക്, വിൽവട്ടം വില്ലേജ്, രാമവർമ്മപുരം പി ഒ., ടി ദേശത്ത് രാമച്ചംകുഴി വീട്ടിൽ ജോസഫ് @ സേവ്യർ മകൻ 65 വയസ് ആർ ജെ പോൾ @ അഗസ്റ്റിൻ

-ഹരജിക്കാരൻ/ അന്യായക്കാരൻ

തൃശൂർ ജില്